# തറുതല

# "തിന്നൂല്ല, തീറ്റൂല്ല"

"അല്ലാ തറുതലെ, ഗോവയിൽ ഈ കഴിഞ്ഞ ഒക്ടോബർ 2 മുതൽ പൊതു സ്ഥലങ്ങളിലെ പുകവലിയും, റോഡിൽ തുപ്പലും നിരോധിച്ചിരിക്കുന്നെന്ന് വായിച്ചല്ലോ?."

"എടൊ നിർദ്ദോഷി, അധികം താമസിയാതെ എന്നാൽ ഒരു സമരവും പ്രതീക്ഷിക്കാം."

"സമരമുഖത്ത് ആരൊക്കെ ഉണ്ടാവും?."

ഈ ഉത്തരവ് കൊണ്ട് തൊഴിൽ പോകുന്ന എല്ലാവരും. പുകയില കൃഷിക്കാർ, ബീഡിത്തൊഴിലാളികൾ, സിഗരറ്റ് ഉത്പാദിപ്പിക്കുന്ന തൊഴിലാളികൾ, ഇവരെക്കൊണ്ട് ജീവിക്കുന്ന വ്യവസായികൾ ഇവരൊക്ക പ്രഥമ ദൃഷ്ട്യാ കണക്കിൽ വരുന്നവർ.

"അപ്പോൾ രണ്ടാം ദൃഷ്ടിയിൽപെട്ടവരും കാണുമല്ലോ?"

"ഉണ്ടല്ലൊ. അവരാണ് ഈച്ചകളും ഡോക്ടർമാരും."

ഒരു വിശദീകരണം?

"ഈച്ചകൾ രോഗം പരത്തുന്നു. ഡോക്ടർമാർ ചികിത്സിച്ചു ഭേദമാക്കുന്നു. രോഗികൾ തുപ്പിയില്ലെങ്കിൽ ഈച്ചകൾ എങ്ങിനെയാണ് രോഗം പരത്തുന്നത്? രോഗികളില്ലെങ്കിൽ മറ്റ് തൊഴിലറിയാത്ത ഡോക്ടർമാർ എന്ത് ചെയ്യും?."

"ഈച്ചകളുടെ ഭക്ഷണത്തിന്റെ പ്രധാനഭാഗമാണത്ര തുപ്പൽ. അതില്ലെങ്കിൽ അവർ പട്ടിണിക്കാരാകും. രോഗികളെ കിട്ടിയില്ലെങ്കിൽ ഡോക്ടർമാരും പട്ടിണിയാലാകും. അതു കൊണ്ട് ഈ രണ്ട് കൂട്ടരും സമരനിരയിലേക്ക് വരും."

"അപ്പോൾ ഇതിലൊന്നുംപെടാത്ത, രോഗം പൈസകൊടുത്തു വാങ്ങാത്ത, ആരേയും ഉപദ്രവിക്കാത്ത ഒരു കൂട്ടരുണ്ടല്ലോ?"

"നിർദ്ദോഷി!, താനെന്താണ് പറയുന്നത് ഉള്ള തൊഴിൽ നഷ്ടപ്പെട്ടാൽ അവരെയൊക്കെ തൊഴിലുകൊടുത്ത് പുനരധിവസിപ്പിക്കണം."

തൊഴിലുണ്ടായി അത് നഷ്ടപ്പെടുന്നവനും ഇന്നേവരെ തൊഴിലുകിട്ടാത്തവനും തമ്മിലെന്താണ് വ്യത്യാസം?

ഇപ്പോൾ ഞാനോ, താനോ തറുതല?

അറിയാഞ്ഞിട്ട് ചോദിച്ച് പോയതാണോ?

എടൊ, തൊഴിലില്ലാത്തവന് യൂണിയനുണ്ടോ? അവരെ നിയന്ത്രിക്കുന്ന അവരെക്കൊണ്ട് സുഖജീവിതം നയിക്കുന്ന നേതാക്കന്മാരുണ്ടോ? യൂണിയനില്ലാത്ത അവരുടെ വോട്ടുകൾ ചിതറിക്കിടക്കുന്നവയാണ്, അവ വികാരമില്ലാത്ത വോട്ടുമാണ്. ഭരണം നിലനിറുത്തുന്നത് വികാരകേന്ദ്രീകൃത വോട്ടുകളാണ്.

അങ്ങനെയെങ്കിൽ ഗോവയിൽ നിയമം നടപ്പാക്കുമോ?

തിന്നാത്തവരും,തീറ്റാത്തവരുമാണ് ഭരണകർത്താക്കൾ. ഭരണകൂടം ചെയ്യാത്തത് നീതിപീഠം ചെയ്താൽ അത് ജുഡീഷ്യൽ ആക്റ്റിവിസം ആയി. കോടതി വിധിയോടുള്ള അമർഷം രേഖപ്പെടുത്താൻ അവിടേക്ക് തൊഴിലാളി ജാഥ നയിച്ച കേരള മക്കൾ ഉദാഹരണത്തിനുള്ളപ്പോൾ ഒരു എക്സിക്യൂട്ടീവ് ഓർഡറിന് എതിരായി, മന്ത്രിമന്ദിരത്തിലേക്ക് ജാഥനയിക്കുന്നവർ ഭാരതത്തിലുണ്ടാവുകയില്ലെന്ന് കരുതാമോ?

**പീഷി**